**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2403** **12-12-2022 - ൽ മറുപടിയ്ക്ക്**

**നിത്യോപയോഗ സാധനങ്ങളുടെ ലഭ്യതയും വിലവർദ്ധനയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | തുടരെ തുടരെ ഉണ്ടായ വെള്ളപ്പൊക്കക്കെടുതികളും ഒപ്പം കൊറോണ മഹാമാരിയും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ നിത്യോപയോഗ സാധനവിലയേയും ലഭ്യതയേയും എപ്രകാരം ബാധിച്ചുവെന്നും ഇതുമൂലമുണ്ടായ വിലവർദ്ധനവും ദൗർല്ലഭ്യവും സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ; | (എ) | തുടരെ തുടരെ ഉണ്ടായ വെള്ളപ്പൊക്കക്കെടുതികളും ഒപ്പം കൊറോണ മഹാമാരിയും സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വില വർദ്ധനവിന് കാരണമായിരുന്നുവെങ്കിലും സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമമായ പ്രവർത്തങ്ങളിലൂടെ വൻതോതിലുള്ള വിലവർദ്ധനവ് തടയാൻ സാധിച്ചിട്ടുണ്ട്.<br><br>കോവിഡ് ലോക് ഡൗൺ കാലത്ത് സപ്ലൈകോയുടെ മുഴുവൻ വിൽപ്പനശാലകളും ഡിപ്പോ ഗോഡൗണുകളും അധിക സമയം പ്രവർത്തിച്ച് പൊതുജനങ്ങൾക്ക് സൗജന്യ കിറ്റുകൾ ഉൾപ്പെടെ അവശ്യ സാധനങ്ങൾ ലഭ്യമാക്കിയിരുന്നു.<br><br>കോവിഡ് മഹാമാരിക്കാലത്ത് സംസ്ഥാനത്തെ ജനങ്ങളുടെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിനായി 11 കോടിയിലധികം സൗജന്യ ഭക്ഷ്യക്കിറ്റുകളാണ് സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കുമായി സർക്കാർ വിതരണം ചെയ്തത്. ഇതിനു പുറമേ 2022 ഓണക്കാലത്ത് 8569583 ഭക്ഷ്യ കിറ്റുകളും വിതരണം നടത്തിയിട്ടുണ്ട്.<br><br>കൂടാതെ സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ് ജെൻഡേഴ്സിനുമായി 15590 ഭക്ഷ്യ കിറ്റുകളും നൽകിയിട്ടുണ്ട്.<br><br>2020 ലെ കോവിഡ് അനുബന്ധ ലോക് ഡൗൺ മൂലം ദുരിതം അനുഭവിച്ച മത്സ്യത്തൊഴിലാളികൾ/ കണ്ടെയ്ൻമെന്റ് സോണിൽപ്പെട്ട തീരദേശ കാർഡുടമകൾ എന്നിവർക്കായി 1,10,308 ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്യുകയും ആയതിന് ആകെ 7.44 കോടി രൂപ ചെലവാകുകയും ചെയ്തിട്ടുണ്ട്. |

കോവിഡ് രണ്ടാം തരംഗവും അനുബന്ധ നിയന്ത്രണങ്ങളും പ്രകൃതി ക്ഷോഭവും മൂലം ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക്

ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ/താലൂക്ക് സപ്ലൈ ഓഫീസർ ലഭ്യമാക്കുന്ന ലിസ്റ്റ് പ്രകാരം 16.08 കോടി രൂപ ചെലവഴിച്ച് 1,34,835 കിറ്റുകൾ വിതരണം ചെയ്തിരുന്നു.

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ രാജ്യമൊട്ടാകെ ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ജോലിയില്ലാതെ ദുരിതത്തിലായ കേരളത്തിലെ അതിഥിതൊഴിലാളികൾക്ക് സൗജന്യമായി ഭക്ഷ്യകിറ്റുകൾ ലഭ്യമാക്കി. ഏകദേശം 392 രൂപ വിലയുള്ള 93,672 കിറ്റുകൾ കേരളത്തിലെ അതിഥിതൊഴിലാളികൾക്ക് വിതരണം ചെയ്തു. ഈ ഇനത്തിൽ 3.67 കോടി സർക്കാരിന് ചെലവായിട്ടുണ്ട്. ഇതിനു പുറമെ ആത്മനിർഭർ സ്കീമിനു കീഴിൽ സംസ്ഥാനത്തിന് അനുവദിച്ചിരിക്കുന്ന അരി, പയർവർഗ്ഗങ്ങൾ എന്നിവയും അതിഥി തൊഴിലാളികൾക്ക് സൗജന്യമായി ലഭ്യമാക്കി.

കൂടാതെ കോവിഡ് 19 രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ 63045 അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യ കിറ്റ് വിതരണം ചെയ്യുന്നതിന് ലേബർ കമ്മീഷണറുടെ ആവശ്യമനുസരിച്ച് അടിയന്തിര തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതും ആയത് പ്രകാരം വിതരണം നടത്തുകയും ചെയ്തതാണ്. ഇതിനുശേഷം വിവിധ ജില്ലാ ലേബർ ഓഫീസർമാരും അസിസ്റ്റൻറ് ലേബർ ഓഫീസർമാരും അധികമായി കിറ്റുകൾ ആവശ്യപ്പെടുകയും ഇതുപ്രകാരം 2,68,192 കിറ്റുകൾ നൽകിയിട്ടുണ്ട്. ഇതിന് ഏകദേശം 24.26 കോടി രൂപ ചെലവായിട്ടുണ്ട്.

സംസ്ഥാനത്ത് ഉച്ച ഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് (1,10,40,767 പേർക്ക്) കോവിഡ് മഹാമാരി കാലത്തെ 'ഭക്ഷ്യ ഭദ്രതാ അലവൻസ്' വിതരണത്തിന്റെ ഭാഗമായി ഭക്ഷ്യ വസ്തുക്കൾ അടങ്ങിയ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് നിരവധി സമൂഹ അടുക്കളകൾ പ്രവർത്തിച്ചിരുന്നു. ഇവയ്ക്ക് ആവശ്യമായ

| | | | |
|---|---|---|---|
| | | | പയറുവർഗ്ഗങ്ങൾ, പഞ്ചസാര, പലവ്യഞ്ജനങ്ങൾ എന്നിവ ക്രെഡിറ്റ് വ്യവസ്ഥയിൽ സപ്ലൈകോ വിതരണം ചെയ്തു. നാളിതുവരെ 89.88 ലക്ഷം രൂപയുടെ ഭക്ഷ്യ വസ്തുക്കളാണ് സമൂഹ അടുക്കളകൾക്ക് വിതരണം ചെയ്തത്.<br><br>സംസ്ഥാനത്ത് 2018 ലെ മഹാപ്രളയം ബാധിച്ച സമയത്ത്, പ്രളയ ബാധിത സ്ഥലങ്ങളിൽ എയർ ഡ്രോപ്പ് ചെയ്യുന്നതിനും പ്രളയബാധിതരായ കുടുംബങ്ങളെ പാർപ്പിച്ച ക്യാംപുകളിൽ വിതരണം ചെയ്യുന്നതിനും ഭക്ഷ്യ വസ്തുക്കൾ, മറ്റു അവശ്യസാധങ്ങൾ എന്നിവ സപ്ലൈകോ നൽകിയിരുന്നു. ക്യാംപുകളിൽ നിന്നും മടങ്ങിയ കുടുംബങ്ങൾക്ക് നൽകിയ ബാക് ടു ഹോം കിറ്റുകളിലേയ്ക്ക് ആവശ്യമായ സാധനങ്ങളും സപ്ലൈകോ ഡിപ്പോകളിൽ നിന്നും വില്പനശാലകളിൽ നിന്നും നൽകുകയുണ്ടായി. ഇതിനു പുറമെ, പ്രളയബാധിതരിലെ ദുർബല വിഭാഗങ്ങൾക്കായി മൂന്ന് മാസക്കാലം അവശ്യ വസ്തുക്കൾ ഉൾക്കൊള്ളിച്ച 10,89,715 സൗജന്യ ഉപജീവനക്കിറ്റുകൾ തയ്യാറാക്കി വിതരണം ചെയ്യുന്ന ദൗത്യവും സപ്ലൈകോ വിജയകരമായി പൂർത്തീകരിച്ചു. 2019 ലെ പ്രളയ സമയത്തും പ്രളയബാധിതരായ കുടുംബങ്ങളെ പാർപ്പിച്ച ക്യാംപുകളിൽ വിതരണം ചെയ്യുന്നതിന് ഭക്ഷ്യ വസ്തുക്കൾ, മറ്റു അവശ്യസാധങ്ങൾ എന്നിവ നൽകിയിരുന്നു.<br><br>ഇത് കൂടാതെ കാര്യക്ഷമമായ വിപണി ഇടപെടൽ പ്രവർത്തനങ്ങളിലൂടെ, പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും ലഭ്യത ഉറപ്പുവരുത്തുന്നതിനും സർക്കാർ നടപടികളെടുത്തിട്ടുണ്ട്.<br><br>ഇതിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. മുളകിന് 70 ശതമാനത്തിലധികം സബ്സിഡി നൽകിയാണ് നിലവിൽ വില്പന നടത്തുന്നത്. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. |
| (ബി) | ഈ അവസ്ഥ തരണം ചെയ്യാനും ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ ഉറപ്പുവരുത്താനും വിലനിലവാരം പിടിച്ചു നിർത്താനുമായി നടപ്പാക്കി വരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | തുടരെ തുടരെ ഉണ്ടായ വെള്ളപ്പൊക്കക്കെടുതികളും ഒപ്പം കൊറോണ മഹാമാരിയും സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വില വർദ്ധനവിന് കാരണമായിരുന്നുവെങ്കിലും സംസ്ഥാന |

സർക്കാരിന്റെ കാര്യക്ഷമമായ പ്രവർത്തങ്ങളിലൂടെ വൻതോതിലുള്ള വിലവർദ്ധനവ് തടയാൻ സാധിച്ചിട്ടുണ്ട്.

കോവിഡ് ലോക് ഡൗൺ കാലത്ത് സപ്ലൈകോയുടെ മുഴുവൻ വിൽപ്പനശാലകളും ഡിപ്പോ ഗോഡൗണുകളും അധിക സമയം പ്രവർത്തിച്ച് പൊതുജനങ്ങൾക്ക് സൗജന്യ കിറ്റുകൾ ഉൾപ്പെടെ അവശ്യ സാധനങ്ങൾ ലഭ്യമാക്കിയിരുന്നു.

കോവിഡ് മഹാമാരിക്കാലത്ത് സംസ്ഥാനത്തെ ജനങ്ങളുടെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിനായി 11 കോടിയിലധികം സൗജന്യ ഭക്ഷ്യക്കിറ്റുകളാണ് സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കുമായി സർക്കാർ വിതരണം ചെയ്തത്. ഇതിനു പുറമേ 2022 ഓണക്കാലത്ത് 8569583 ഭക്ഷ്യ കിറ്റുകളും വിതരണം നടത്തിയിട്ടുണ്ട്.

കൂടാതെ സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ് ജെൻഡേഴ്സിനുമായി 15590 ഭക്ഷ്യ കിറ്റുകളും നൽകിയിട്ടുണ്ട്.

2020 ലെ കോവിഡ് അനുബന്ധ ലോക് ഡൗൺ മൂലം ദുരിതം അനുഭവിച്ച മത്സ്യത്തൊഴിലാളികൾ/ കണ്ടെയ്ൻമെന്റ് സോണിൽപ്പെട്ട തീരദേശ കാർഡുടമകൾ എന്നിവർക്കായി 1,10,308 ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്യുകയും ആയതിന് ആകെ 7.44 കോടി രൂപ ചെലവാകുകയും ചെയ്തിട്ടുണ്ട്.

കോവിഡ് രണ്ടാം തരംഗവും അനുബന്ധ നിയന്ത്രണങ്ങളും പ്രകൃതി ക്ഷോഭവും മൂലം ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക്

ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ/താലൂക്ക് സപ്ലൈ ഓഫീസർ ലഭ്യമാക്കുന്ന ലിസ്റ്റ് പ്രകാരം 16.08 കോടി രൂപ ചെലവഴിച്ച് 1,34,835 കിറ്റുകൾ വിതരണം ചെയ്തിരുന്നു.

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ രാജ്യമൊട്ടാകെ ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ജോലിയില്ലാതെ ദുരിതത്തിലായ കേരളത്തിലെ അതിഥിതൊഴിലാളികൾക്ക് സൗജന്യമായി ഭക്ഷ്യകിറ്റുകൾ ലഭ്യമാക്കി. ഏകദേശം 392 രൂപ വിലയുള്ള 93,672 കിറ്റുകൾ കേരളത്തിലെ അതിഥിതൊഴിലാളികൾക്ക് വിതരണം ചെയ്തു. ഈ ഇനത്തിൽ 3.67 കോടി സർക്കാരിന് ചെലവായിട്ടുണ്ട്. ഇതിനു പുറമെ ആത്മനിർഭർ സ്കീമിനു കീഴിൽ സംസ്ഥാനത്തിന്

അനുവദിച്ചിരിക്കുന്ന അരി, പയർവർഗ്ഗങ്ങൾ എന്നിവയും അതിഥി തൊഴിലാളികൾക്ക് സൗജന്യമായി ലഭ്യമാക്കി.

കൂടാതെ കോവിഡ് 19 രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ 63045 അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യ കിറ്റ് വിതരണം ചെയ്യുന്നതിന് ലേബർ കമ്മീഷണറുടെ ആവശ്യമനുസരിച്ച് അടിയന്തിര തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതും ആയത് പ്രകാരം വിതരണം നടത്തുകയും ചെയ്തതാണ്. ഇതിനുശേഷം വിവിധ ജില്ലാ ലേബർ ഓഫീസർമാരും അസിസ്റ്റൻറ് ലേബർ ഓഫീസർമാരും അധികമായി കിറ്റുകൾ ആവശ്യപ്പെടുകയും ഇതുപ്രകാരം 2,68,192 കിറ്റുകൾ നൽകിയിട്ടുണ്ട്. ഇതിന് ഏകദേശം 24.26 കോടി രൂപ ചെലവായിട്ടുണ്ട്.

സംസ്ഥാനത്ത് ഉച്ച ഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് (1,10,40,767 പേർക്ക്) കോവിഡ് മഹാമാരി കാലത്തെ 'ഭക്ഷ്യ ഭദ്രതാ അലവൻസ്' വിതരണത്തിന്റെ ഭാഗമായി ഭക്ഷ്യ വസ്തുക്കൾ അടങ്ങിയ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് നിരവധി സമൂഹ അടുക്കളകൾ പ്രവർത്തിച്ചിരുന്നു. ഇവയ്ക്ക് ആവശ്യമായ പയറുവർഗ്ഗങ്ങൾ, പഞ്ചസാര, പലവ്യഞ്ജനങ്ങൾ എന്നിവ ക്രെഡിറ്റ് വ്യവസ്ഥയിൽ സപ്ലൈകോ വിതരണം ചെയ്തു. നാളിതുവരെ 89.88 ലക്ഷം രൂപയുടെ ഭക്ഷ്യ വസ്തുക്കളാണ് സമൂഹ അടുക്കളകൾക്ക് വിതരണം ചെയ്തത്.

സംസ്ഥാനത്ത് 2018 ലെ മഹാപ്രളയം ബാധിച്ച സമയത്ത്, പ്രളയ ബാധിത സ്ഥലങ്ങളിൽ എയർ ഡ്രോപ്പ് ചെയ്യുന്നതിനും പ്രളയബാധിതരായ കുടുംബങ്ങളെ പാർപ്പിച്ച ക്യാംപുകളിൽ വിതരണം ചെയ്യുന്നതിനും ഭക്ഷ്യ വസ്തുക്കൾ, മറ്റു അവശ്യസാധങ്ങൾ എന്നിവ സപ്ലൈകോ നൽകിയിരുന്നു. ക്യാംപുകളിൽ നിന്നും മടങ്ങിയ കുടുംബങ്ങൾക്ക് നൽകിയ ബാക് ടു ഹോം കിറ്റുകളിലേയ്ക്ക് ആവശ്യമായ സാധനങ്ങളും സപ്ലൈകോ ഡിപ്പോകളിൽ നിന്നും വില്പനശാലകളിൽ നിന്നും നൽകുകയുണ്ടായി. ഇതിനു പുറമെ, പ്രളയബാധിതരിലെ ദുർബല വിഭാഗങ്ങൾക്കായി മൂന്ന് മാസക്കാലം അവശ്യ

| | | | |
|---|---|---|---|
| | | | വസ്തുക്കൾ ഉൾക്കൊള്ളിച്ച 10,89,715 സൗജന്യ ഉപജീവനക്കിറ്റുകൾ തയ്യാറാക്കി വിതരണം ചെയ്യുന്ന ദൗത്യവും സപ്ലൈകോ വിജയകരമായി പൂർത്തീകരിച്ചു. 2019 ലെ പ്രളയ സമയത്തും പ്രളയബാധിതരായ കുടുംബങ്ങളെ പാർപ്പിച്ച ക്യാംപുകളിൽ വിതരണം ചെയ്യുന്നതിന് ഭക്ഷ്യ വസ്തുക്കൾ, മറ്റ് അവശ്യസാധങ്ങൾ എന്നിവ നൽകിയിരുന്നു.<br><br>ഇത് കൂടാതെ കാര്യക്ഷമമായ വിപണി ഇടപെടൽ പ്രവർത്തനങ്ങളിലൂടെ, പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും ലഭ്യത ഉറപ്പുവരുത്തുന്നതിനും സർക്കാർ നടപടികളെടുത്തിട്ടുണ്ട്.<br><br>ഇതിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. മുളകിന് 70 ശതമാനത്തിലധികം സബ്സിഡി നൽകിയാണ് നിലവിൽ വില്പന നടത്തുന്നത്. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. |
| (സി) | സംസ്ഥാനത്ത് അവശ്യം വേണ്ടുന്ന നിത്യോപയോഗ സാധനങ്ങളുടെ ദൈനംദിന കണക്കും സംസ്ഥാന ലഭ്യതയും മറ്റിതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയുടെ അളവും വ്യക്തമാക്കുമോ? | (സി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ